3758
31/3/15

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യനീതി വകുപ്പ് - ക്വയിലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ 'അഞ്ജനം' എന്ന പേരിൽ പെൺകുട്ടികൾക്ക് വേണ്ടിയുള്ള ചിൽഡ്രൻസ് ഹോമിന് ജുവനൈൽ ജസ്റ്റിസ് റൂൾ പ്രകാരം റെക്കഗ്നിഷൻ/രജിസ്ട്രേഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================================

സാമൂഹ്യനീതി (എ) വകുപ്പ്

സ.ഉ. (സാധാ) നം. 180/15/സാ.നീ.വ. തീയതി, തിരുവനന്തപുരം: 26.03.2015.

==============================================================================

പരാമർശം:- 1. 20.05.2014-ലെ സ.ഉ. (സാധാ) നം. 373/2014/സാ.നീ.വ. നമ്പർ ഉത്തരവ്.
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 19.01.2015, 26.02.2015 തീയതികളിലെ ഐ.സി.പി.എസ്. 4/11463/14 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശ സർക്കാർ ഉത്തരവ് പ്രകാരം ക്വയിലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പെൺകുട്ടികൾക്കുവേണ്ടി ഒരു സ്ഥാപനം ആരംഭിക്കുന്നതിന് ഭരണാനുമതിയും ഇതിനായി എസ്റ്റിമേറ്റ് തുകയുടെ 90% നടപ്പ് സാമ്പത്തിക വർഷത്തിലെ ഐ.സി.പി.എസ്.-ന്റെ 2235-02-102-61 (പി) 34 ഒ.സി. എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതിയും നൽകിയിരുന്നു. എന്നാൽ 2000-ലെ ജുവനൈൽ ജസ്റ്റിസ് നിയമ പ്രകാരം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ ടി തുക സംഘടനയ്ക്ക് ലഭിച്ചില്ലായെന്നും കൊല്ലം പ്രൊബേഷൻ ഓഫീസർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് പ്രകാരം ടി സ്ഥാപനം ജുവനൈൽ ജസ്റ്റിസ് നിയമത്തിലും ചട്ടങ്ങളിലും അനുശാസിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്നും ആയതിനാൽ ടി ചിൽഡ്രൻസ് ഹോമിന് ജുവനൈൽ ജസ്റ്റിസ് ചട്ടപ്രകാരം റെക്കഗ്നിഷൻ/രജിസ്ട്രേഷൻ നൽകണമെന്നും സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ക്വയിലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിലുള്ള 'അഞ്ജനം' എന്ന

പെൺകുട്ടികൾക്ക് വേണ്ടിയുള്ള ചിൽഡ്രൻസ് ഹോമിന് 2014-ലെ ജുവനൈൽ ജസ്റ്റിസ് ചട്ടം 84, 86 പ്രകാരം റെക്കഗ്നിഷൻ/രജിസ്ട്രേഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എൽ.എ.ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ക്വയിലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റി, ഫാത്തിമാ റോഡ്, കൊല്ലം 691 013.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Jayasree

സെക്ഷൻ ഓഫീസർ.